ഉത്തരം

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 17-12-2015-ലെ WP(C) നമ്പർ 19008/13 തുടങ്ങിയ അന്യായങ്ങളിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 29-1-2016-ലെ സ.ഉ.(പി) നമ്പർ 29/16/പൊ.വി.വ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത വിധിക്കെതിരെ സർക്കാർ ബഹുമാനപ്പെട്ട കോടതിയിൽ ഫയൽ ചെയ്യാനുദ്ദേശിക്കുന്ന അപ്പീലിനു വിധേയമായാണ് പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*)

വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോകൽ

24 (1071) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോകൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹൈസ്കൂൾ, യു.പി തലത്തിൽ ഉള്ളതിനേക്കാൾ എൽ.പി. തലത്തിൽ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോകൽ നിരക്ക് കൂടുതലാണെന്ന പഠനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്താണ് ഇതിന്റെ കാരണമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) ഇപ്രകാരം കൊഴിഞ്ഞുപോയ വിദ്യാർത്ഥികളെ കണ്ടെത്തി സ്കൂളുകളിൽ പുനഃപ്രവേശിപ്പിക്കുന്നതിനും വിദ്യാഭ്യാസം തുടരുന്നതിന് സഹായിക്കുന്നതിനുമായി എന്തെങ്കിലും പ്രത്യേക പദ്ധതികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇപ്രകാരമൊരു പദ്ധതി ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ആദിവാസി/തീരദേശ മേഖലയിലെ സ്കൂളുകളിൽ വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി) സാമൂഹ്യനീതി വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും എസ്.എസ്.എ.-യുടെയും സഹകരണത്തോടെ വിദ്യാഭ്യാസ വകുപ്പിന്റെ മേൽനോട്ടത്തിൽ ഇത്തരം കുട്ടികളെ കണ്ടെത്തുന്നതിനും തിരികെ സ്കൂളിൽ എത്തിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly